**തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്**
**ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം**
**ടൗൺപ്ലാനറുടെ നടപടിക്രമങ്ങൾ**

വിഷയം: ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം – തിരുവനന്തപുരം – നഗരസഭ– കടകംപള്ളി വില്ലേജിൽ – Group C (മെഡിക്കൽ/ ഹോസ്പിറ്റൽ) ഒക്യുപൻസിയിൽ ഉൾപ്പെടുന്ന ബഹുനില ഹോസ്പിറ്റൽ കെട്ടിട നിർമ്മാണം – ലേ ഔട്ട് / യൂസേജ് അംഗീകാരം നൽകി ഉത്തരവാകുന്നു.

സൂചന:–
1. തിരുവനന്തപുരം നഗരസഭയുടെ 18.03.2021 ലെ ZK2/BA/66/17 നമ്പർ കത്ത്
2. ശ്രീ.മുരുകൻറെ 23.10.2021 ലെ അപേക്ഷ
3. 04.12.2020 തീയതിയിലെ WP(C) No. 356 of 2020
4. സർക്കാരിൻറെ 24.09.2021 ലെ RD2/136/2019/LSGD നമ്പർ കത്ത്
5. ചീഫ് ടൗൺ പ്ലാനറുടെ 31.10.2021 ലെ TCPCTP/82/2021-E1 നമ്പർ കത്ത്

**ഉത്തരവ് നമ്പർ TCPTVM/1359/21-D തീയതി 08/11/2021**

തിരുവനന്തപുരം നഗരസഭ കടകംപള്ളി വില്ലേജിൽ 941/B, 941/A-1, 941/A-1 -1, 941/A-2, 929/A, 931, 933/2-3, 932, 933/2-3-1-1, 941/C, 934, 933/1, 933/2-2, 933/2-2-1 എന്നീ സർവ്വേനമ്പറുകളിൽ ഉൾപ്പെട്ട 79.38 ആർ വസ്തുവിൽ 13305.30 ച:മീ വിസ്തൃതിയിൽ നിർമ്മിച്ച ബഹുനില ഹോസ്പിറ്റൽ കെട്ടിട നിർമ്മാണത്തിന് ലേ ഔട്ട് അംഗീകാരത്തിനായി ശ്രീ മുരുകൻ സമർപ്പിച്ച അപേക്ഷയിൻമേൽ സൂചന (3), സൂചന (4), സൂചന (5), എന്നിവയുടെ അടിസ്ഥാനത്തിൽ KMBR 2019 Rule (30) പ്രകാരം താഴെപറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ ഔട്ടിനും സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. നിർമാണം കെ.എം.ബി.ആർ.2019 നും അനുബന്ധഭേദഗതികൾക്കും ബാധക മായ മറ്റ നിയമങ്ങൾക്കും വിധേയമായിരിക്കണം.
2. നിർമാണസ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ , ഉടമസ്ഥത, അതിരുകൾ, അളവുകൾ എന്നിവ സെക്രട്ടറി പരിശോധിച്ച് ശരിയാണെന്ന് ഉറപ്പുവരുത്തണം. പ്ലോട്ടിൽ നിലം/പുറമ്പോക്ക് ഉൾപ്പെടുന്നില്ല എന്ന് ഉറപ്പാകേണ്ടതാണ്.
3. പ്രസ്തുത സ്ഥലത്തു നിർമ്മാണനിയന്ത്രണങ്ങൾ ഒന്നും ഇല്ല എന്ന് സെക്രട്ടറി ഉറപ്പുവരുത്തിയിരിയ്ക്കണം.
4. നിർമ്മാണസ്ഥലത്ത് നിലം, പുറമ്പോക്ക് എന്നിവ ഉൾപ്പെടുന്നില്ല എന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
5. 2008 ലെ നെൽവയൽ തണ്ണീർത്തടനിയമം / അനുബന്ധഭേദഗതി എന്നിവ പ്രകാരം അനുവദനീയമാണെന്ന് ഉറപ്പ വരുത്തേണ്ടതാണ്.
6. സ്വാഭാവിക ജലനിർഗമന മാർഗ്ഗങ്ങൾ അടഞ്ഞു പോകരുത്
7. നിർദ്ദിഷ്ട ലേ-ഔട്ടിൽ ഡ്രെയിനേജിനുള്ള സൗകര്യം നല്കിയിരിയ്ക്കണം. പ്രസ്തുത ലേ - ഔട്ടിൽ നിന്നുള്ള ഡ്രെയിനേജ് ( മഴവെള്ളം / മലിനജലം ) പരിസര വാസികൾക്ക്

ദോഷമുണ്ടാകരുത്.

8. നിർമാണം കെ.എം.ബി.ആർ.2019 ചട്ടം 79 നനുസൃതമായി മാലിന്യ നിർമ്മാർ ജ്ജന സംവിധാനം പ്രായോഗികമായി നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തണം.
9. Pollution control board, ഫയർ, Airport authority, NHAI തുടങ്ങിയ ഏജൻസികളിൽ നിന്ന് ആവശ്യമായ അനുമതികൾ നേടിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
10. ചട്ടം 26(8) പ്രകാരം തുറസ്സായസ്ഥലത്തിന്റെ 50% കുറയാതെയുള്ള ഭാഗം മഴവെള്ളം മണ്ണിലേക്കിറങ്ങാൻ പാകത്തിന് ക്രമീകരിക്കേണ്ടതാണ്.
11. ചട്ടപ്രകാരമുള്ള പ്രായോഗികമായ പാർക്കിങ് പ്ലോട്ടിൽ ലഭ്യമാക്കിയിട്ടുണ്ടെന്നും പാർക്കിങ്ങിനായി മാറ്റി വച്ചിട്ടുള്ള സ്ഥലം ഭാവിയിൽ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നില്ല എന്നും സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്
12. നിർദ്ദിഷ്ട നിർമ്മാണം മൂലം പ്ലോട്ടിൽ നിലവിലുള്ള കെട്ടിടത്തിൻറെ /സമീപ പ്ലോട്ടിലുള്ള കെട്ടിടത്തിൻറെ സുരക്ഷയെ ബാധിയ്ക്കരുത്.
13. KMBR 2019 ചട്ടം 76(3) പ്രകാരം നിർദ്ദിഷ്ട യൂണിറ്റിനു ചുറ്റും അനുയോജ്യമായ മരങ്ങൾ നടേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളു.

**35 /2021 നമ്പരായുള്ള അംഗീകരിച്ച ലേഔട്ട് പ്ലാൻ (ഒരു സെറ്റ്) ഇതോടൊപ്പം അയയ്ക്കുന്നു.**

JAYASREE.V.K
TOWN PLANNER

ഉള്ളടക്കം: മേൽപ്രസ്താവിതം

സെക്രട്ടറി,
തിരുവനന്തപുരം നഗരസഭ

പകർപ്പ്: (അറിവിലേയ്ക്കായി)
1)Sri MURUGAN,TC 37/2019/1,APRA 61
FORT HIGH SCHOOL,PRASANTH NAGAR
THIRUVANANTHAPURAM -023

2) കരുതൽ ഫയൽ